# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 28 07.08.2017 ൽ മറുപടിക്ക്

## ഭരണപരിഷ്കാര കമ്മീഷന്റെ ചെലവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റപണികൾക്കുമായി ഈ സർക്കാരിന്റെ കാലത്ത് എന്തു തുക ചെലവായിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ ഔദ്യോഗിക വസതിയായ കവടിയാർ ഹൗസിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം അറ്റകുറ്റപണികളുടെ ഭാഗമായി (സിവിൽ പ്രവൃത്തികൾ 17,01,147 /- രൂപയും ഇലക്ട്രിക്കൽ പ്രവൃത്തികൾ 68,100 /- രൂപയും) ആകെ 17,69,247/- രൂപയുടെ (പതിനേഴുലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി നാൽപ്പത്തി ഏഴു രൂപ) പണി ചെയ്യിച്ചിട്ടുണ്ട്. മോടി പിടിപ്പിക്കുന്നതിന്റെ ഭാഗമായി യാതൊന്നും ചെയ്തിട്ടില്ല. |
| (ബി) | സാധനസാമഗ്രികൾ ഔദ്യോഗിക വസതിയിലേക്ക് വാങ്ങിയതിന് ചെലവായ തുക വ്യക്തമാക്കുമോ; | (ബി) | സാധന സാമഗ്രികൾ ഔദ്യോഗിക വസതിയിലേയ്ക്ക് വാങ്ങിയതിന് 4,79,973/- രൂപ (നാലു ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി എഴുപത്തി മൂന്ന് രൂപ) ചെലവായിട്ടുണ്ട്. |
| (സി) | ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ അഥിതി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ എത്ര തുക വീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (സി) | ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ അതിഥി സൽക്കാരത്തിന് നാളിതുവരെ കമ്മീഷനിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. ചെയർമാന്റെ യാത്രാബത്തയായി 67,030/- (അറുപത്തി ഏഴായിരത്തി മുപ്പത്) രൂപയും പാർട്ട് ടൈം അംഗമായ ശ്രീമതി നീലാ ഗംഗാധരന് കമ്മീഷൻ യോഗത്തിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് യാത്രാ ബത്ത ഇനത്തിൽ 93,053/- (തൊണ്ണൂറ്റി മൂന്നായിരത്തി അൻപത്തി മൂന്ന്) രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | ഇക്കാലയളവിൽ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ മൊബൈൽ ഫോൺ ബില്ലുകൾ, ഔദ്യോഗിക വസതികളിലേയും ഓഫീസുകളിലെയും ഫോൺ ബില്ലുകൾ എന്നിവ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; | (ഡി) | ഇക്കാലയളവിൽ ചെയർമാന്റെ ഔദ്യോഗിക വസതിയിലെ ലാന്റ് ഫോൺ ബില്ലിനത്തിൽ 7783/- (ഏഴായിരത്തി എഴുന്നൂറ്റി എൺപത്തി മൂന്ന്) രൂപയും മൊബൈൽ ഫോൺ ബില്ലിനത്തിൽ 2656/- (രണ്ടായിരത്തി അറുന്നൂറ്റി അൻപത്തി ആറ്) രൂപയും ചെലവഴിച്ചിട്ടുണ്ട്. അംഗങ്ങൾക്കായി ഈ ഇനത്തിൽ നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (ഇ) | ഈ സർക്കാരിന്റെ കാലത്ത് ചെയർമാൻ, അംഗങ്ങൾ എന്നിവരിൽ ആരൊക്കെ വിദേശയാത്ര നടത്തിയിട്ടുണ്ട്, അവരെ അനുഗമിച്ചത് ആരൊക്കെയാണ്; എവിടെയൊക്കെയാണ് അവർ പോയതെന്നും അതിന് എന്തു തുക ചിലവായെന്നും വെളിപ്പെടുത്തുമോ? | (ഇ) | ഈ സർക്കാരിന്റെ കാലത്ത് ചെയർമാനോ അംഗങ്ങളോ കമ്മീഷനുമായി ബന്ധപ്പെട്ട് ഔദ്യോഗികമായി വിദേശയാത്രകൾ നടത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**